# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 1777 – 04/05/2017 - ലെ മറുപടിക്ക്

## പൊതുകടം, നികുതി വരുമാനത്തിലെ ചോർച്ച

**ചോദ്യം**

**ഉത്തരം**

**ശ്രീ . പി. കെ. ശശി**

**ഡോ. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | 31.03.2011-ൽ സംസ്ഥാന പൊതുകടം എത്രയെന്നും ലോകബാങ്ക് ഉൾപ്പെടെയുള്ള വിവിധ ധനകാര്യ സ്ഥാപന ങ്ങൾക്ക് നൽകുവാനുള്ള ലോൺ കുടിശ്ശിക എത്ര എന്നും വ്യക്തമാക്കുമോ; | 31.03.2011, 31.03.2016 വർഷങ്ങളെ അടിസ്ഥാനമാക്കിയുള്ള സംസ്ഥാനത്തിന്റെ പൊതുകടവും ലോകബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളുടെ വായ്പാ കുടിശ്ശികയും താഴെ പറയും പ്രകാരമാണ്. (തുക കോടിയിൽ) |
| ബി | 31.03.2016-ൽ ഇവ എത്രയായിരുന്നു എന്നും ഇതിൽ എത്ര ശതമാനം വർദ്ധനവുണ്ടായി എന്നും വ്യക്തമാക്കുമോ; | (see table below) |

| ഇനം | 31.03.2011 | 31.03.2016 | വർദ്ധനവ് (%) |
|---|---|---|---|
| പൊതുകടം | 78673.24 | 157370.32 | 100.03 |
| ലോകബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളുടെ വായ്പാ കുടിശ്ശിക [(OMB, NSSF, Power Bonds ഒഴികെ), (31.03.2011 - വരെയുള്ള വായ്പയിൽ വിദേശ സഹായ പദ്ധതികൾക്കായുള്ള കേന്ദ്രസഹായം ഉൾപ്പെട്ടിട്ടുണ്ട്)] | 8775.47 | 12326.23 | 40.46 |

| | ചോദ്യം | ഉത്തരം |
|---|---|---|
| സി | കഴിഞ്ഞ 5 വർഷമായി സംസ്ഥാനത്തിനുണ്ടായ പൊതുകടത്തിലെ വർദ്ധനവ്, നികുതി വരുമാനത്തിലെ ചോർച്ച എന്നിവ എത്ര | കഴിഞ്ഞ 5 വർഷമായി സംസ്ഥാനത്തിനുണ്ടായ പൊതുകടത്തിലെ വർദ്ധനവ് 78,697.08 കോടി രൂപയാണ്. നികുതി ചോർച്ചയും ചെലവുചുരുക്കലിന്മേലുള്ള അച്ചടക്ക രാഹിത്യവും കാരണം 2006-2011 കാലഘട്ടത്തിൽ കൈവരിച്ച സ്ഥായിയായ സാമ്പത്തിക പുരോഗതി സംസ്ഥാനത്തിന് ബലികഴിക്കേണ്ടി |

| | | |
|---|---|---|
| | എന്നും ഇത് സംസ്ഥാനത്തി നുണ്ടാക്കിയ സാമ്പത്തിക പ്രതിസന്ധി എന്തെല്ലാ മെന്നും വ്യക്തമാക്കുമോ; | വന്നു. നികുതി ഉല്പാദന വകുപ്പുകളിലെ ഭരണയന്ത്രത്തെ അവരുടെ കഴിവിനൊത്ത് പ്രവർത്തിപ്പിക്കുന്നതിലുണ്ടായ വീഴ്ച കാരണം റവന്യൂകമ്മിയും മൊത്തം ധനകമ്മിയും 10 വർഷത്തിനിടയിലുള്ള ഏറ്റവും മോശപ്പെട്ട അവസ്ഥയായ ജി.എസ്.ഡി.പി -യുടെ 2.65 ശതമാനത്തിലും 3.08 ശതമാനത്തിലും എത്തി. 4 വർഷത്തെ നഷ്ടത്തിനൊടുവിൽ കടമെടുക്കാൻ മറ്റു വഴിയോ മേഖലയോ ഇല്ലാതെ ബജറ്റ് പ്രഖ്യാപനങ്ങളൊന്നും നടപ്പാക്കാനാകാത്ത അവസ്ഥയിൽ സംസ്ഥാനം എത്തിച്ചേരുകയും ചെയ്തിരുന്നു. |
| ഡി | ഇതു തരണം ചെയ്യുവാനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ? | താഴെ പറയുന്നവയാണ് നികുതി ചോർച്ച തടയുവാനായി സ്വീകരിച്ചുവരുന്ന നടപടികൾ.<br>1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സെർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.<br>2. ഉപഭോക്താക്കൾ ബില്ല് ചോദിച്ചുവാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചു. അതുപോലെ തന്നെ കമ്പ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ് ലോഡ് ചെയ്യുന്നു എന്ന് ഉറപ്പു വരുത്തുന്നതിനായി നിയമ നിർമ്മാണം നടത്താനുള്ള നടപടി സ്വീകരിച്ചു.<br>3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>4. അപ്പീൽ കേസുകളും കോടതി കേസ്സുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.<br>5. റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി.<br>6. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.<br>7. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.<br>8. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തി.<br>9. 60 ലക്ഷം രൂപയേക്കാൾ കൂടുതൽ വിറ്റുവരവുള്ള അനുമാന നികുതിദായകർക്ക് ആംനസ്റ്റി പദ്ധതി നടപ്പിലാക്കി.<br>10. മെറ്റൽ ക്രഷർ യൂണിറ്റുകൾ, മറ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, |

| | | |
|---|---|---|
| | | മലിനീകരണ നിയന്ത്രണ ബോർഡ്, മൈനിംഗ് & ജിയോളജി വകുപ്പ്, ഇൻകം ടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>11. ദീർഘകാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിലേയ്ക്കായി ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി.<br>12. അന്തർ സംസ്ഥാന വിൽപനയുടെ കാര്യത്തിൽ സി ഫോം വെരിഫിക്കേഷനു വേണ്ടി ഒരു പ്രത്യേക ടീമിനെ നിയോഗിച്ച് പരിശോധന നടത്തുകയും വ്യാജ ഫോമുകൾ കണ്ടെത്തുന്ന കേസുകളിൽ ഉയർന്ന നിരക്കിൽ നികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>13. ഇ-റിട്ടേണുകളിലും മറ്റു രേഖകളിലും ഉള്ള പൊരുത്തക്കേടുകൾ കണ്ടുപിടിക്കുന്നതിനുള്ള സോഫ്റ്റ് വെയറിന്റെ വികസനം അവസാന ഘട്ടത്തിലാണ്.<br>14. ഓൺലൈൻ തട്ടിപ്പുകളിലൂടെയുള്ള നികുതിവെട്ടിപ്പ് തടയുന്നതിനായുള്ള സൈബർ ഫോറൻസിക് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.<br>15. റെയിൽവേ വഴി സംസ്ഥാനത്തിനു പുറത്തേയ്ക്കു കൊണ്ടുപോകുന്ന ചരക്കുകൾക്കും ഇ-ഡിക്ലറേഷൻ നിർബന്ധമാക്കിയിട്ടുണ്ട്.<br>16. ഇറച്ചിക്കോഴി കള്ളക്കടത്ത് തടയുന്നതിനായി ചെക്ക് പോസ്റ്റുകളും ഇന്റലിജൻസ് സ്ക്വാഡുകളും വളരെ ജാഗ്രതയോടെ പ്രവർത്തിക്കുന്നു.<br>17. നികുതി വെട്ടിപ്പിനുള്ള ഒരു പ്രധാന മാർഗ്ഗമാണ് റെയിൽവേ വഴിയുള്ള കള്ളക്കടത്ത്. ഇത്തരം ചരക്ക് കടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കിയിട്ടുണ്ട്.<br>18. വാണിജ്യ നികുതി വകുപ്പിന്റെ വിവിധ ചെക്കു പോസ്റ്റുകളുടെ പരിസരത്ത് ഇന്റലിജൻസ് സ്ക്വാഡുകളെ വിന്യസിച്ച് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. ചെക്ക്പോസ്റ്റ് കടന്നുവരുന്ന വാഹനങ്ങളെ ഓവർചെക്ക് ചെയ്യുന്നതിനും സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Sreekumar K

**സെക്ഷൻ ഓഫീസർ**